# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2023

19.06.2012- ലെ മറുപടിക്ക്

**ഹൗസിംഗ് സഹകരണ സംഘങ്ങളിലെ പ്രതിസന്ധി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ :<br>ശ്രീ. എം. ഹംസ :<br>ശ്രീ. സി. കൃഷ്ണൻ :<br>ശ്രീ. കെ. ദാസൻ : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷനിൽ അഫിലിയേഷനുള്ള ഹൗസിംഗ് സംഘങ്ങൾ, ഭവന വായ്പകൾ നൽകാൻ കഴിയാതെ പ്രതിസന്ധിയിലായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; | എ) ഉണ്ട്. ഹൗസിംഗ് ഫെഡറേഷൻ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ വാങ്ങി അംഗ സംഘങ്ങൾക്ക് നൽകി വരുന്നു. കാലാകാലങ്ങളിൽ സർക്കാർ പ്രഖ്യാപിക്കുന്ന ആനുകൂല്യങ്ങളും ഇളവുകളും കാരണവും, സാമ്പത്തിക പ്രതിസന്ധിമൂലവും സംഘങ്ങളിൽ കൃത്യമായ വായ്പാ തിരിച്ചടവ് സാദ്ധ്യമാകുന്നില്ല. പ്രാഥമിക ഹൗസിംഗ് സംഘങ്ങളുടെ അപ്പക്സ് സ്ഥാപനമായ ഫെഡറേഷനെയും ഇത് സാരമായി ബാധിക്കുന്നു. പ്രാഥമിക ഹൗസിംഗ് സംഘങ്ങളിൽ നിന്നും ഫെഡറേഷനിലേക്കുള്ള തിരിച്ചടവ് വരാത്തതിനാലും ഫെഡറേഷന് ധനകാര്യ സ്ഥാപനങ്ങളിലേയ്ക്ക് തിരിച്ചടവ് കൃത്യമായി നടത്തേണ്ടതിനാലും പ്രാഥമിക സംഘങ്ങൾക്ക് സുഗമമായി വായ്പ ലഭ്യമാക്കുവാൻ സാധിക്കുന്നില്ല. ഇത് ഹൗസിംഗ് സംഘങ്ങളെ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. |
| ബി) ഫെഡറേഷന് ദേശീയ ഹൗസിംഗ് ഫെഡറേഷനിൽ നിന്നും കിട്ടേണ്ടിയിരുന്ന വായ്പ എത്രയായിരുന്നു; അത് കിട്ടാതിരിക്കുന്നത് എന്തുകൊണ്ടാണ്; | ബി) ദേശീയ ഹൗസിംഗ് ഫെഡറേഷൻ വായ്പ നൽകുന്ന ഒരു സാമ്പത്തിക സ്ഥാപനമല്ലാത്തതിനാൽ ടി സ്ഥാപനത്തിലേയ്ക്ക് ഹൗസിംഗ് ഫെഡറേഷൻ വായ്പയ്ക്കു വേണ്ടി അപേക്ഷിച്ചിട്ടില്ല. ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളിലെ സംസ്ഥാന ഹൗസിംഗ് ഫെഡറേഷനുകൾ അംഗങ്ങളായി അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള ദേശീയ സഹകരണ ഹൗസിംഗ് ഫെഡറേഷൻ എന്ന സ്ഥാപനം അംഗങ്ങളായിട്ടുള്ള വിവിധ സംസ്ഥാന ഹൗസിംഗ് ഫെഡറേഷനുകൾക്ക് ഉപദേശങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും മാത്രം നൽകുന്നതും എന്നാൽ വായ്പ നൽകാത്തതുമായ ഒരു സ്ഥാപനമാണ്. |

| | |
|---|---|
| സി) ഫെഡറേഷൻ സാമ്പത്തിക പ്രതിസന്ധി യിലാണോ; എങ്കിൽ കാരണമെന്ത്; ഫെഡറേഷന്റെ ആഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള നഷ്ടം എത്ര കോടിയാണ്? | സി) അതെ. എൽ.ഐ.സി., നാഷണൽ ഹൗസിംഗ് ബാങ്ക്, കാനറാ ബാങ്ക്, ഫെഡറൽ ബാങ്ക് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഫെഡറേഷൻ വായ്പയെടുത്ത് പ്രാഥമിക ഭവന നിർമ്മാണ സംഘങ്ങൾക്ക് നൽകുന്നു. പ്രാഥമിക സംഘങ്ങൾ നൽകുന്ന ദീർഘകാല ഭവന ഉപഭോക്താക്കളിൽ ഏറിയ പങ്കും സാധാരണക്കാർ ആണ്. കുടിശ്ശിക വായ്പക്കാർക്കുവേണ്ടി പ്രഖ്യാപിക്കപ്പെടുന്ന ആനുകൂല്യങ്ങളും ഇളവുകളും കാരണം സംഘങ്ങളിൽ വായ്പാ തിരിച്ചടവ് കൃത്യമായി വരുന്നില്ല. സംഘങ്ങളുടെ ഫെഡറേഷനിലേക്കുള്ള വായ്പാതിരിച്ചടവിനെ ഇത് പ്രതികൂലമായി ബാധിക്കുന്നു. കുടിശ്ശിക വർദ്ധിക്കുന്ന സാഹചര്യം ഉള്ളതിനാൽ മേൽപറഞ്ഞ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഫെഡറേഷന് വായ്പ ലഭ്യമാക്കുന്നതിന് പ്രയാസം നേരിടുന്നു. വായ്പാ തിരിച്ചടവ് കൃത്യമായി വരാത്തതിനാലും സർക്കാരിന്റെ കാലാകാലങ്ങളിലെ നിർദ്ദേശപ്രകാരമുള്ള ഇളവുകൾ നൽകുന്നതിനാലും വായ്പാ പ്രവർത്തനങ്ങൾ കൃത്യമായി നടത്തികൊണ്ടു പോകുന്നതിന് ഫെഡറേഷൻ ബുദ്ധിമുട്ടനുഭവിക്കുന്നു. ഫെഡറേഷന്റെ 2010-2011 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് പ്രകാരം അറ്റ നഷ്ടം 7.80 കോടി രൂപയാണ്. |

**സെക്ഷൻ ഓഫീസർ**